# ചിറ്റൂർ – തത്തമംഗലം
# നഗരസഭ

## പൗരാവകാശ രേഖ

# ചിറ്റൂർ – തത്തമംഗലം നഗരസഭ

# പൗരാവകാശ രേഖ

| | | | |
|---|---|---|---|
| ജില്ല | | : | പാലക്കാട് |
| താലൂക്ക് | | : | ചിറ്റൂർ |
| വില്ലേജ് | | : | ചിറ്റൂർ, തത്തമംഗലം |
| അസംബ്ലി നിയോജക മണ്ഡലം | | : | 58, ചിറ്റൂർ |
| ലോകസഭാ നിയോജക മണ്ഡലം | | : | ആലത്തൂർ |
| നഗരസഭ | | : | ചിറ്റൂർ തത്തമംഗലം |
| വിസ്തീർണ്ണം | | : | 14.71 ച. കി. മീ. |
| അതിരുകൾ | വടക്ക് | : | നല്ലേപ്പിള്ളി പഞ്ചായത്ത് |
| | കിഴക്ക് | : | പെരുമാട്ടി പഞ്ചായത്ത് |
| | തെക്ക് | : | പട്ടഞ്ചേരി പഞ്ചായത്ത് |
| | പടിഞ്ഞാറ് | : | പുതുനഗരം, പെരുവെമ്പ് പഞ്ചായത്തുകൾ |
| ജനസംഖ്യ | | : | 32289 (2011 ലെ സെൻസസ്) |
| പുരുഷൻമാർ | | : | 15665 |
| സ്ത്രീകൾ | | : | 16633 |
| വാർഡുകൾ | | : | 29 |
| വനിതാസംവരണം | | : | 8 |
| പട്ടികജാതി സംവരണം | | : | 2 |

# ചിറ്റൂർ – തത്തമംഗലം നഗരസഭ

## *പൗരാവകാശ രേഖ*

(കേരള സർക്കാരിന്റെ 1/12/2000 ലെ ജി.ഒ.(പി) 335/2000/ ത.സ്വ.ഭ.വ.
നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിക്കുന്നത്.
ചിറ്റൂർ തത്തമംഗലം നഗരസഭാ കൗൺസിലിന്റെ ........................... തിയ്യതിയിലെ
........ –ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചത്.)

നഗരസഭ ലഭ്യമാക്കുന്ന വിവിധതരം സേവനങ്ങൾ ഏതൊക്കെയെന്നും, അവ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകളേയും സംബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന ഈ പൗരാവകാശരേഖ ജനങ്ങൾക്ക് വളരെയധികം പ്രയോജന പ്രദമാകുമെന്ന് പ്രത്യാശിയ്ക്കുന്നു.

**കവിത.കെ.എൽ**
മുനിസിപ്പൽ ചെയർപേഴ്സൺ

**നൌഷാദ് .എം**
മുനിസിപ്പൽ സെക്രട്ടറി

# ചിറ്റൂർ – തത്തമംഗലം നഗരസഭ
## *ഭരണസമിതി അംഗങ്ങൾ*

| വാർഡ് നം. | വാർഡിന്റെ പേര് | ഭരണസമിതി അംഗത്തിന്റെ പേരും വിലാസവും | സ്ഥാനം |
|---|---|---|---|
| 8 | വടക്കത്തറ | ശ്രീമതി.കവിത.കെ.എൽ | ചെയർപേഴ്സൺ |
| 19 | തറക്കളം | ശ്രീ.എം.ശിവകുമാർ | വൈസ് ചെയർമാൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ |
| 14 | ആര്യമ്പള്ളം | ശ്രീമതി.ഷീജ.കെ | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ |
| 24 | തുമ്പിച്ചിറ | ശ്രീ.റാഫി.എം | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ |
| 16 | വാൽമുട്ടി | ശ്രീമതി.സുമതി.കെ | വിദ്യാഭ്യാസ കലാ കായിക സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ |
| 4 | ചെമ്പകശ്ശേരി | ശ്രീമതി.ഓമനകണ്ണൻകുട്ടി | ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ |
| 2 | ബസ് സ്റ്റാന്റ് വാർഡ് | ശ്രീ.സി.മുഹമ്മദ് സലീം | പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ |
| 1 | ചേരുംകോട് | ശ്രീമതി.ശ്രീലക്ഷ്മികലാധരൻ | കൗൺസിലർ |
| 3 | അരംഗം വാർഡ് | ശ്രീമതി.പ്രിയ.ബി | കൗൺസിലർ |
| 5 | അമ്പാട്ടുപാളയം | ശ്രീമതി.ഷീജ.സി | കൗൺസിലർ |
| 6 | മുതുകാട് | ശ്രീ.എ.റോബിൻ ബാബു | കൗൺസിലർ |
| 7 | കടംമ്പിടി | ശ്രീമതി.ഉഷ.വി | കൗൺസിലർ |
| 9 | നരംകുഴി | ശ്രീ.എം.ഉണ്ണികൃഷ്ണൻ | കൗൺസിലർ |
| 10 | കിഴക്കത്തറ | ശ്രീ.ആർ.അച്ചുതാനന്ദ് മേനോൻ | കൗൺസിലർ |
| 11 | കണ്ണാന്തറ | ശ്രീ.ആർ.ബാബു | കൗൺസിലർ |
| 12 | കൊശത്തറ | ശ്രീമതി.സുചിത്ര.സി | കൗൺസിലർ |
| 13 | കച്ചേരിമേട് | ശ്രീമതി.അനിതകുട്ടപ്പൻ | കൗൺസിലർ |
| 15 | ദേവാങ്കപുരം | ശ്രീമതി.വത്സല.ആർ | കൗൺസിലർ |
| 17 | അണിക്കോട് | ശ്രീമതി.ശ്രീദേവിരഘുനാഥ് | കൗൺസിലർ |
| 18 | തെക്കേഗ്രാമം | ശ്രീ.ആർ.കിഷോർകുമാർ | കൗൺസിലർ |
| 20 | കുന്നത്തുപാളയം | ശ്രീ.കെ.ബാബുദാസ് | കൗൺസിലർ |
| 21 | കോളേജ് വാർഡ് | ശ്രീ.എം.മുകേഷ് | കൗൺസിലർ |
| 22 | ബംഗ്ലാപറമ്പ് | ശ്രീ.കെ.സി.പ്രീത് | കൗൺസിലർ |
| 23 | പരുത്തിക്കാവ് | ശ്രീമതി.ശോഭന.കെ | കൗൺസിലർ |
| 25 | മന്ദത്തുക്കാവ് | ശ്രീമതി.ജയന്തി.എം.ജി | കൗൺസിലർ |
| 26 | ശ്രീകുറുംബക്കാവ് | ശ്രീമതി.സബിതമോൾ.പി.എച്ച് | കൗൺസിലർ |

| | | | |
|---|---|---|---|
| 27 | കടവളവ് | ശ്രീ.വിജു.സി | കൗൺസിലർ |
| 28 | ഗ്രാമംവാർഡ് | ശ്രീ.കെ.മധു | കൗൺസിലർ |
| 29 | മേട്ടുവളവ് | ശ്രീ.സദ്ദാംഹുസൈൻ | കൗൺസിലർ |

# ചിറ്റൂർ – തത്തമംഗലം നഗരസഭ

## *പൗരാവകാശ രേഖ*

താഴെ പറയുന്ന സേവനങ്ങൾ ഈ മുനിസിപ്പൽ പ്രദേശത്ത് താമസിക്കുന്ന പൗരൻമാർക്ക് മുനിസിപ്പാലിറ്റി സമയബന്ധിതമായി ലഭ്യമാക്കുന്നതാണ്.

| ക്രമ നം: | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരം | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി |
|---|---|---|---|
| 1 | ജനന മരണ സർട്ടിഫിക്കറ്റുകൾ | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. അപേക്ഷയിൽ നൽകുന്ന വിവരങ്ങൾ കൃത്യമായിരിക്കണം.നിഷ്കർഷിച്ചിട്ടുള്ള രേഖകൾ അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്യേണ്ടതാണ് | 1 പ്രവൃത്തി ദിവസം |
| 2 | ജനന രജിസ്റ്ററിൽ പേര് ചേർക്കൽ – എൻക്വയറി സർട്ടിഫിക്കറ്റ് | കുട്ടി ജനിച്ചു ഒരു വർഷത്തിനകം കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം നിഷ്കർഷിച്ചിട്ടുള്ള രേഖകൾ നിർബന്ധമായും അപ്ലോഡ് ചെയ്യേണ്ടതാണ്.**01.04.1970**-ന് മുമ്പുള്ള ജനന രജിസ്റ്ററുകളിൽ പേര് ചേർക്കുന്നതിന് ജനന മരണ ചീഫ് രജിസ്ട്രാരുടെ അനുമതി ആവശ്യമാണ് | 5 ദിവസം |
| 3 | ജനന/മരണം രജിസ്റ്റർ ചെയ്തിട്ടില്ലെന്ന് സർട്ടിഫിക്കറ്റ് | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം നിഷ്കർഷിച്ചിട്ടുള്ള രേഖകൾ നിർബന്ധമായും അപ്ലോഡ് ചെയ്യേണ്ടതാണ് | 5 ദിവസം |

| | | | |
|---|---|---|---|
| 4 | ജനനമരണ രജിസ്ട്രേഷൻ താമസിച്ച് രജിസ്റ്റർ ചെയ്യൽ | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം നിഷ്കർഷിച്ചിട്ടുള്ള രേഖകൾ നിർബന്ധമായും അപ്‌ലോഡ് ചെയ്യേണ്ടതാണ് | 1.ജില്ലാ ജനന-മരണ രജിസ്റ്ററിൽ നിന്ന് അനുവാദം ലഭിക്കുന്ന മുറയ്ക്ക് .<br>2 .ജില്ലാ സബ്ഡിവിഷൻ മജിസ്ട്രേറ്റിൽ നിന്ന് അനുവാദം ലഭിച്ച് 7 ദിവസം. |
| 5 | വിവാഹ രജിസ്ട്രേഷൻ (കോമൺ ആക്ട് 2005 ) | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം നിഷ്കർഷിച്ചിട്ടുള്ള രേഖകൾ നിർബന്ധമായും അപ്‌ലോഡ് ചെയ്യേണ്ടതാണ്. | 45 ദിവസത്തിനകം റിപ്പോർട്ട് ലഭിച്ചാൽ 3 ദിവസത്തിനകവും മറ്റുള്ളവ അനുമതി ലഭിച്ച് 3 ദിവസത്തിനുള്ളിലും. |
| 6 | വിവാഹ സർട്ടിഫിക്കറ്റ് | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം നിഷ്കർഷിച്ചിട്ടുള്ള രേഖകൾ നിർബന്ധമായും അപ്‌ലോഡ് ചെയ്യേണ്ടതാണ്. | 3 ദിവസം |
| 7 | താമസ സർട്ടിഫിക്കറ്റ് | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം നിഷ്കർഷിച്ചിട്ടുള്ള രേഖകൾ നിർബന്ധമായും അപ്‌ലോഡ് ചെയ്യേണ്ടതാണ്.കെട്ടിട നികുതി കുടിശ്ശിക പാടില്ല.ചുരുങ്ങിയത് 6 മാസമെങ്കിലും സ്ഥലത്തെ സ്ഥിര താമസക്കാരനായിരിക്കണം. റേഷൻ കാർഡ്,ഗ്യാസ്കണക്ഷൻ,കുടിവെള്ള കണക്ഷൻ മുതലായവയുടെ ആവശ്യത്തിലേക്കാണെങ്കിൽ 6 മാസം കാലയളവ് ബാധകമല്ല. അന്വേഷണ ഉദ്യോഗസ്ഥന് ടി കാര്യം ബോധ്യപ്പെടുന്ന പക്ഷം സർട്ടിഫിക്കറ്റ് അനുവദിക്കുന്നതാണ്. | 7 ദിവസം |

| | | | |
|---|---|---|---|
| 8 | ബിൽഡിങ് സർട്ടിഫിക്കറ്റ് | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി ഡൌണ് ലോഡ് ചെയ്യാവുന്നതാണ്.ഉടമസ്ഥാവകാശം/കാലപ്പഴക്കം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്(AGE സർട്ടിഫിക്കറ്റ്)/ ഏരിയാ സർട്ടിഫിക്കറ്റ് എന്നിവയെല്ലാം ബിൽഡിങ് സർട്ടിഫിക്കറ്റിൽ ലഭ്യമാണ്. നികുതി കുടിശ്ശിക പാടില്ല.ഈ സേവനം ലഭ്യമാകുന്നതിന് കെട്ടിട ഉടമ കെട്ടിടം ആധാർ നമ്പറുമായി ലിങ്ക് ചെയ്യേണ്ടതാണ്. | ബാധകമല്ല |
| 9 | ജമ മാറ്റം | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം നിഷ്കർഷിച്ചിട്ടുള്ള രേഖകൾ നിർബന്ധമായും അപ്‌ലോഡ് ചെയ്യേണ്ടതാണ്.കെട്ടിട നികുതി കുടിശ്ശിക പാടില്ല.അന്വേഷണ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന മുറയ്ക്ക് അപ്‌ലോഡ് ചെയ്ത രേഖകളുടെ അസ്സൽ ഹാജരാക്കേണ്ടതാണ്. | 15 ദിവസം |
| 10 | ബിൽഡിംഗ് പെർമ്മിറ്റ്<br>ലോ റിസ്ക് കാറ്റഗറി കുറഞ്ഞ അപകട സാധ്യതയുള്ള കെട്ടിടങ്ങൾ- 7 മീറ്ററിൽ കുറവ് ഉയരമുള്ള രണ്ടു നില വരെ പരിമിതപ്പെടുത്തിയിട്ടുള്ളതുമായ | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം നിഷ്കർഷിച്ചിട്ടുള്ള രേഖകൾ നിർബന്ധമായും അപ്‌ലോഡ് ചെയ്യേണ്ടതാണ് | 15 ദിവസം |

| | | | | |
|---|---|---|---|---|
| | | 300sqmtr കുറഞ്ഞ നിർമിത വിസ്തീർണമുള്ള A1 വിനിയോഗ ഗണത്തിൽ വരുന്നതും 200sqmtr വിസ്തീർണമുള്ള A2 വിനിയോഗ ഗണത്തിൽപ്പെട്ട ഹോസ്റ്റൽ,ഓർഫനേജ്,ഡോർ-മിറ്ററി മുതലായവയും 200sqmtr-ൽ കുറവായ B വിനിയോഗ ഗണത്തിൽപ്പെട്ട വിദ്യാഭ്യാസാവശ്യത്തിനുള്ള കെട്ടിടങ്ങളും 200sqmtr-ൽ കുറവായ D വിനിയോഗ ഗണത്തിൽപ്പെട്ടതുമായ മതപരവും ദേശസ്നേഹ പരവുമായ ആവശ്യത്തിന് വേണ്ടി ആളുകൾ സമ്മേളിക്കുന്ന കെട്ടിടങ്ങളും 100sqmtr-ൽ കുറവായ F വിനിയോഗ ഗണത്തിൽപ്പെട്ട കെട്ടിടങ്ങളും ശല്യമില്ലാത്തതും അപകട സാധ്യത ഇല്ലാത്തതുമായ 100sqmtr-ൽ കുറവായ നിർമിത വിസ്തീർണമുള്ള G1 വിനിയോഗ ഗണത്തിൽ പ്പെട്ട കെട്ടിടങ്ങളും ഉൾപ്പെടുന്നു | | |

| | | | |
|---|---|---|---|
| 11 | കിണർ കുഴിക്കുന്നതിനുള്ള അനുമതി | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം നിഷ്കർഷിച്ചിട്ടുള്ള രേഖകൾ നിർബന്ധമായും അപ്‌ലോഡ് ചെയ്യേണ്ടതാണ് | 15 ദിവസം |
| 12 | കുടിൽ നിർമ്മിക്കുന്നതിനുള്ള അനുമതി | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം നിഷ്കർഷിച്ചിട്ടുള്ള രേഖകൾ നിർബന്ധമായും അപ്‌ലോഡ് ചെയ്യേണ്ടതാണ് | 15 ദിവസം |
| 13 | മതിൽ, വേലി എന്നിവ നിർമ്മിക്കുന്നതിന് അനുമതി.<br><br>. | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം നിഷ്കർഷിച്ചിട്ടുള്ള രേഖകൾ നിർബന്ധമായും അപ്‌ലോഡ് ചെയ്യേണ്ടതാണ് | 15 ദിവസം<br>മറ്റു വകുപ്പുകളിൽ നിന്നും അനുമതി വേണ്ടതുണ്ടെങ്കിൽ ആയത് ലഭിച്ച് 7 ദിവസത്തിനകം. |
| 14 | കെട്ടിടനിർമ്മാണ പെർമിറ്റിന്റെ കാലാവധി പുതുക്കൽ. | അനുവദിച്ച പെർമിറ്റിന്റെ കാലാവധി തീർന്ന് അപേക്ഷിക്കുന്നപക്ഷം നിലവിലെ പെർമിറ്റ് ഫീസിന്റെ 50 % തുക ഫീസ് ഈടാക്കി വീണ്ടും 5 വർഷത്തേക്ക് (പരമാവധി 10 വർഷം) പുതുക്കി നൽകുന്നതാണ്.കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം നിഷ്കർഷിച്ചിട്ടുള്ള രേഖകൾ നിർബന്ധമായും അപ്‌ലോഡ് ചെയ്യേണ്ടതാണ് | 15 ദിവസം |

| | | | |
|---|---|---|---|
| 15 | കെട്ടിടനിർമ്മാണ പെർമിറ്റിന്റെ കാലാവധി ദീർഘിപ്പിക്കൽ. | ബിൽഡിംഗ് പെർമിറ്റ് ദീർഘിപ്പിക്കുന്നതിന് കാലാവധി കഴിയുന്നതിനുമുൻപായി അപേക്ഷിക്കണം. നിശ്ചിത ഫീസ് അടയ്ക്കണം. കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം നിഷ്കർഷിച്ചിട്ടുള്ള രേഖകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ് | 15 ദിവസം |
| 16 | കെട്ടിടനിർമ്മാണം പൂർത്തികരിച്ച് ഒക്കുപെൻസി സർട്ടിഫിക്കറ്റ് നൽകൽ. | കെട്ടിട നിർമാണ അനുമതി നൽകിയ സോഫ്റ്റ് വെയർ മുഖേന തന്നെ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഓൺലൈൻ ആയി ലഭിച്ച പെർമിറ്റാണെങ്കിൽ ഓൺലൈൻ ആയിതന്നെ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കണം. മാനുവൽ ആയി നൽകിയ പെർമിറ്റിന് മാനുവൽ ആയി തന്നെ കംപ്ലീഷൻ സമർപ്പിക്കണം | 15 ദിവസം (അനുമതി നൽകിയ രീതിയിലുള്ള നിർമ്മാണ പൂർത്തികരണങ്ങൾക്ക് മാത്രം) |
| 17 | കെട്ടിടനമ്പർ നൽകൽ (വീടുകൾക്ക്) | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം നിഷ്കർഷിച്ചിട്ടുള്ള രേഖകൾ നിർബന്ധമായും അപ്‌ലോഡ് ചെയ്യേണ്ടതാണ്. | 15 ദിവസം |
| 18 | കെട്ടിടനമ്പർ നൽകൽ (മറ്റു കെട്ടിടങ്ങൾക്ക്) | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം നിഷ്കർഷിച്ചിട്ടുള്ള രേഖകൾ നിർബന്ധമായും അപ്‌ലോഡ് ചെയ്യേണ്ടതാണ്. | |
| 19 | ഒഴിവായി കിടക്കുന്ന കെട്ടിടങ്ങൾക്ക് കെട്ടിട നികുതി ഒഴിവാക്കൽ. | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. സ്വന്തമായി ഉപയോഗിക്കാതെയോ, വാടകയ്ക്കു കൊടുക്കാതിരിക്കുകയാണെങ്കിൽ, പൂട്ടി ഇട്ടാൽ അല്ലെങ്കിൽ ഒഴിച്ചിട്ടാൽ 180 ദിവസവും | അർദ്ധവർഷം കഴിഞ്ഞ് 30 ദിവസം |

| | | | |
|---|---|---|---|
| | | പൂർണ്ണമായും ഒഴിച്ചിടണം. അർദ്ധവർഷം അവസാനിക്കുന്നതിനുമുൻപ് (മാർച്ച് 31 – സെപ്തംബർ 30) അപേക്ഷ നൽകേണ്ടതാണ്. നികുതി അടച്ചിരിക്കണം. | |
| 20 | തൊഴിൽ നികുതി, റിവിഷൻ ഹർജി | ബിൽ ലഭിച്ച് 15 ദിവസത്തിനകം കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. നികുതി കുടിശ്ശിക ഉണ്ടാകരുത് | 30 ദിവസം |
| 21 | തൊഴിൽ നികുതി, അപ്പീൽ ഹർജി | റിവിഷൻ ഹർജിയിലുള്ള തീരുമാനം ലഭിച്ച് 15 ദിവസത്തിനുള്ളിൽ അപ്പീൽ ഹർജി നൽകണം. റിവിഷൻ ഹർജി പ്രകാരമുള്ള നികുതി അടച്ചിരിക്കണം. റിവിഷൻ ഹർജിയുടെ നമ്പർ രേഖപ്പെടുത്തിയിരിക്കണം. കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം | 30 ദിവസം |
| 22 | പൊളിച്ചു കളഞ്ഞ കെട്ടിടത്തിന്റെ നികുതി റദ്ദാക്കൽ | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. പൊളിച്ചുകളഞ്ഞ കെട്ടിടത്തിന്റെ നമ്പറും മേൽവിലാസവും. രേഖപ്പെടുത്തിയിരിക്കണം. നികുതി കുടിശ്ശിക പാടില്ല. | 14 ദിവസം |
| 23 | കൂടുതൽ അടച്ച നികുതി തിരിച്ചു നൽകൽ. | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം.ആവശ്യപ്പെടുന്ന മുറയ്ക്ക് കൂടുതൽ തുക അടച്ചതിന്റെ അസ്സൽ രശീതിയും, റീഫണ്ട് വൗച്ചറും ഹാജരാക്കണം | 20 ദിവസം |
| 24 | പരസ്യങ്ങൾ പ്രദർശിപ്പിയ്ക്കുന്നതിനുള്ള അനുമതി | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. അനുമതി ലഭിച്ചാൽ ചട്ടം അനുശാസിക്കുന്ന ഫീസ് അടയ്ക്കണം.(കോൺട്രാക്ട് കാലയളവിൽ കോൺട്രാക്ടർക്ക്) മുനിസിപ്പൽ | |

| | | | |
|---|---|---|---|
| | | സ്ഥലത്തോ ഏതെങ്കിലും പൊതുനിരത്തിലോ പൊതു സ്ഥലത്തോ പരസ്യബോർഡുകളോ, കമാനങ്ങളോ സ്ഥാപിക്കുന്നതിന് നഗരസഭയിൽ നിന്നും പ്രത്യേകം ലൈസൻസ് നേടേണ്ടതാണ്. നിശ്ചിത തറവാടക അടയ്ക്കണം. 50 രൂപ മുദ്രപത്രത്തിൽ കരാർ വെയ്ക്കണം. | |
| 25 | വ്യാപാരം, വ്യവസായം നഗരസഭയുടെ അനുമതി ആവശ്യമായ മറ്റ് പ്രവർത്തനങ്ങൾ എന്നിവയ്ക്കുള്ള ലൈസൻസ് (ഡി. & ഒ ലൈസൻസ്) | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. ലൈസൻസ് ആവശ്യമായ പ്രവർത്തനം നടത്തുവാനുദ്ദേശിക്കുന്ന കെട്ടിടം അപേക്ഷകന്റെ പേരിലല്ലെങ്കിൽ കെട്ടിട ഉടമയിൽ നിന്നും 200 രൂപ മുദ്രപത്രത്തിൽ സമ്മതപത്രം കൂടി ഹാജരാക്കണം. വസ്തുനികുതി, തൊഴിൽനികുതി നഗരസഭയ്ക്ക് ലഭിക്കേണ്ടതായ നികുതിയിതര സംഖ്യകൾ എന്നിവ അടച്ചിരിക്കണം. | ആവശ്യമായ രേഖകളും മതിയായ ഫീസും ഒടുക്കിയ ശേഷം അഞ്ച് ദിവസത്തിനകം |
| 26 | ഡി.& ഒ. ലൈസൻസുകൾ പുതുക്കുന്നതിന് | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം ആവശ്യ രേഖകൾ അപ്‌ലോഡ് ചെയ്യണം (നികുതി കുടിശ്ശികകൾ തീർത്ത് അടച്ചിരിക്കണം) നിശ്ചിത ഫീസ് ഒടുക്കിയിരിക്കണം. സാമ്പത്തിക വർഷ ആരംഭത്തിന് 30 ദിവസം മുൻപ് അപേക്ഷനൽകണം. | 30 ദിവസം |
| 27 | മോട്ടോർ, യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള അനുമതി. | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം കെട്ടിടത്തിന്റെ പ്ലാൻ 3 കോപ്പി, 100 മീറ്റർ ചുറ്റളവിൽ താമസിക്കുന്നവരുടെ വീടുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്ന യന്ത്രങ്ങളുടെ സ്ഥാനം എന്നിവ രേഖപ്പെടുത്തിയ പ്ലാൻ 100 മീറ്റർ ചുറ്റളവിൽ സ്ഥാപിക്കുന്നവരുടെ സമ്മതപത്രം 200 രൂപ മുദ്രപത്രത്തിൽ, മലീനികരണമുണ്ടാകുന്ന പ്രവർത്തിയാണെങ്കിൽ മലീനികരണം നിയന്ത്രണ ബോർഡിന്റെ അംഗീകാരം എന്നിവ ഹാജരാക്കണം. | നഗരസഭ അനുമതി നൽകാവുന്നതാണെങ്കിൽ 30 ദിവസം മറ്റ് അധികാരികളുടെ അനുമതി ആവശ്യമാണെങ്കിൽ ആയത് ലഭിച്ചതിനുശേഷം 30 ദിവസം. |

| | | | |
|---|---|---|---|
| 28 | കുടിവെള്ളം/വൈദ്യുതി കണക്ഷൻ/ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് റോഡ് മുറിക്കുന്നതിനുള്ള അനുമതി. | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം.അപേക്ഷയോടൊപ്പം റോഡ് കട്ടിംഗ് നടത്തേണ്ട ഏരിയ വ്യക്തമാക്കുന്ന സ്കെച്ച്, ഉടമസ്ഥാവകാശ രേഖ എന്നിവ സമർപ്പിക്കേണ്ടതാണ്. PWD വകുപ്പിന്റെ കാലാകാലങ്ങളിൽ വരുന്ന ഗവ.ഉത്തരവുകൾക്കനുസരിച്ച് ഫീസ് നഗരസഭയിൽ ഒടുക്കേണ്ടതാണ്. | 7 ദിവസം |
| 29 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. ഓരോ വർഷവും രജിസ്ട്രേഷൻ ഫീസ് അടച്ചു ലൈസൻസ് നൽകി പുതുക്കേണ്ടതാണ്. | 10 ദിവസം |
| 30 | സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ. | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. ഓരോ വർഷവും രജിസ്ട്രേഷൻ ഫീസ് അടച്ചു ലൈസൻസ് നൽകി പുതുക്കേണ്ടതാണ്. . | 10 ദിവസം |
| 31 | വന്ധ്യകരണം ശസ്ത്രക്രിയ നടത്തിയവർക്കുള്ള സാമ്പത്തിക ആനുകൂല്യം | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം.പൂർണ്ണമേൽവിലാസവും, വീട്ട് നമ്പറും ശസ്ത്രക്രിയ നടത്തിയ ആശുപത്രിയിൽ നിന്നുള്ള സാക്ഷ്യപത്രവും വാർഡ് കൗൺസിലറുടെ സാക്ഷ്യപത്രവും സഹിതം നൽകണം. | 14 ദിവസം |
| 32 | വളർത്തു മൃഗങ്ങൾക്ക് ലൈസൻസ് | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം പേവിഷബാധക്കെതിരെ കുത്തിവെയ്പ്പ് നടത്തിയതിനുള്ള ഒരു വെറ്റിനറി ഡോക്ടറുടെ സർട്ടിഫിക്കറ്റ്സഹിതംഅപേക്ഷിക്കണം.(കാലകാലങ്ങളിൽ ഡോക്ടറുടെ സർട്ടിഫീക്കറ്റ് പുതുക്കണം) | 15 ദിവസം |

| | | | |
|---|---|---|---|
| 33 | രേഖകളുടെ പകർപ്പ് നൽകൽ | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം, കേരള മുൻസിപ്പാലിറ്റീസ് ആക്ട്, ചട്ടങ്ങൾ എന്നിവ പ്രകാരം പൊതുജനങ്ങൾക്ക് നൽകാവുന്ന രേഖകളുടെ പകർപ്പുകൾ മാത്രം (ചട്ടപ്രകാരം അനുശാസിക്കുന്ന തിരച്ചിൽ ഫീസ്, പകർച്ച ഫീസ് എന്നിവ അടച്ചിരിക്കണം) കോടതിയിൽ ഹാജരാക്കുന്നതിനുള്ള പകർപ്പുകൾക്ക് കോടതിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കണം. | 30 ദിവസം |
| 34 | ഗുണഭോക്തൃ സമിതികൾ കരാർ ഉണ്ടാക്കിവെയ്ക്കൽ | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം, യോഗ നോട്ടീസ്, മിനിട്ട്സ്, മിനിട്ട്സിന്റെ ശരിപകർപ്പ്, യോഗ നോട്ടീസ് നൽകിയതിന്റെ രശീത്, കരാർ മുദ്രപത്രം (200 രൂപ) ബാങ്ക് ജോയിന്റ് അക്കൗണ്ട് പാസ്സ് ബുക്ക്, ചെയർമാൻ, കൺവീനർ, ഗുണഭോക്തൃസമിതി അംഗങ്ങൾ (2) നിർവ്വഹണ ഉദ്യോഗസ്ഥർ മുൻപാകെ ഒപ്പിടണം. | അതേ ദിവസം |
| 35 | മൊബലൈസേഷൻ അഡ്വാൻസ് | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി,കൺവീനർ 200 രൂപ മുദ്രപത്രം സഹിതം അപേക്ഷ സമർപ്പിക്കണം. ഗുണഭോക്തൃ സമിതിയെ കൗൺസിൽ അംഗികരിച്ചിരിക്കണം. പ്രവൃത്തിയുടെ ബോർഡ് സ്ഥാപിച്ചിരിക്കണം. | 10 ദിവസം |
| 36 | ഗുണഭോക്തൃസമിതി ഏറ്റെടുത്ത നടത്തിപ്പുകൾക്കുള്ള പെയ്മെന്റ് | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. പ്രവൃത്തി സംബന്ധിച്ച വരവ് ചെലവ് കണക്കുകൾ ഗുണഭോക്തൃ സമിതിയോഗം അംഗീകരിച്ച മിനിട്ട്സിന്റെ പകർപ്പും വൗച്ചറുകളും സഹിതം ഹാജരാക്കണം. | 10 ദിവസം |

| | | | |
|---|---|---|---|
| 37 | ദാരിദ്രരേഖയ്ക്കു താഴെയുള്ള കുടുംബമാണെന്നതിനുള്ള സാക്ഷ്യപത്രം. | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. അപേക്ഷകൻ നഗരസഭയിൽ പ്രസിദ്ധീ-കരിച്ചിരിക്കുന്ന,ബി.പി.എൽ.കുടുംബാംഗങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിരിയ്ക്കണം. | 3 ദിവസം |
| 38 | വാർദ്ധ്യകാല പെൻഷൻ | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. 60 വയസ്സിനുമേൽ പ്രായമുള്ളവരായിരിക്കണം. അപേക്ഷകന്റെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്. കുടുംബവരുമാനം ഒരുലക്ഷം രൂപയിൽ താഴെയായിരിക്കണം. പ്രായപൂർത്തിയായ ആൺമക്കൾ ഉണ്ടെങ്കിലും അവരുടെ സംരക്ഷണയിില്ലെങ്കിൽ പെൻഷന് പരിഗണിക്കുന്നതാണ്. വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ്, കേരള സംസ്ഥാനത്ത് 3 വർഷം സ്ഥിരതാമസം,റേഷൻ കാർഡിന്റെ പകർപ്പ് വേണം.സർക്കാർ നിശ്ചയിക്കുന്ന മറ്റ് നിബന്ധനങ്ങളും. | അപേക്ഷ ലഭിച്ച 40 ദിവസത്തിനകം തീരുമാനമെടുത്തു അപേക്ഷകന് വിവരം നൽകുന്നതാണ്. |
| 39 | വിധവാ പെൻഷൻ | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം.ഭർത്താവ് മരിച്ചശേഷം പുനർവിവാഹം ചെയ്തിട്ടില്ലാത്ത സ്ത്രീ, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട സ്ത്രീ, 7 വർഷത്തിലധികം ഭർത്താവിനെപ്പറ്റി വിവരം ലഭ്യമല്ലാത്ത സ്ത്രീ,കുടുംബവരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ളവർ, ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റിന്റെ കോപ്പി, റേഷൻകാർഡിന്റെ പകർപ്പ്, നോൺ റീമാര്യേജ് സർട്ടിഫിക്കറ്റ് (60 വയസ്സിൽ താഴെ പ്രായമുള്ളവർക്ക്) എന്നിവ ഉള്ളടക്കം ചെയ്യണം.സർക്കാർ നിശ്ചയിക്കുന്ന മറ്റ് നിബന്ധനകളും. | അപേക്ഷ ലഭിച്ച 40 ദിവസത്തിനകം തീരുമാനമെടുത്തു അപേക്ഷകന് വിവരം നൽകുന്നതാണ്. |

| | | | |
|---|---|---|---|
| 40 | വികലാംഗ പെൻഷൻ | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം.40 % ത്തിൽ കൂടുതൽ അംഗവൈകല്യമുള്ള വികലാംഗർക്ക് ഈ പെൻഷന് അപേക്ഷിക്കാവുന്നതാണ്. കുടുംബവാർഷിക വരുമാനം ഒരുലക്ഷം രൂപയിൽ കവിയരുത്. മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കണം.വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്,റേഷൻ കാർഡിന്റെ പകർപ്പ് , ആധാർ/ഐ.ഡി കാർഡിന്റെ പകർപ്പ് എന്നിവ വേണം. | അപേക്ഷ ലഭിച്ച 40 ദിവസത്തിനകം തീരുമാനമെടുത്തു അപേക്ഷകന് വിവരം നൽകുന്നതാണ് |
| 41 | കർഷക തൊഴിലാളി പെൻഷൻ | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം കുടുംബവരുമാനം ഒരുലക്ഷം രൂപയിൽ താഴെയായിരിക്കണം. ക്ഷേമനിധിയിൽ അംഗമായിരിക്കണം. വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ പകർപ്പ്, കർഷകതൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള വിടുതൽ സാക്ഷ്യപത്രം എന്നിവ വേണം. | അപേക്ഷ ലഭിച്ച 40 ദിവസത്തിനകം തീരുമാനമെടുത്തു അപേക്ഷകന് വിവരം നൽകുന്നതാണ് |
| 42 | സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം. | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. കുടുംബ വാർഷിക വരുമാനം 2,00,000/- രൂപയിൽ കവിയരുത്. പെൺകുട്ടിയ്ക്ക് 18 വയസ്സ് തികഞ്ഞിരിക്കണം. ആദ്യ വിവാഹമായിരിക്കണം. അപേക്ഷകയുടെ മരിച്ചുപോയ ഭർത്താവിനെ സംബന്ധിച്ച വിവരം മരണ സർട്ടിഫിക്കറ്റ് സഹിതം ഹാജരാക്കണം.അപേക്ഷ വിവാഹത്തിന് 1 മാസം മുൻപായി നൽകണം. | അപേക്ഷ ലഭിച്ച 40 ദിവസത്തിനകം തീരുമാനമെടുത്തു അപേക്ഷകന് വിവരം നൽകുന്നതാണ് |
| 43 | അവിവാഹിത പെൻഷൻ | കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം അവിവാഹിതയാണെന്ന് തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം. വയസ്സ് തെളിയിക്കുന്നതിനുള്ള രേഖ,(സ്ക്കൂൾ സർട്ടിഫിക്കറ്റ്/പാസ്പ്പോർട്ട്/ഡ്രൈവിംഗ് | അപേക്ഷ ലഭിച്ച 40 ദിവസത്തിനകം തീരുമാനമെടുത്തു അപേക്ഷകന് വിവരം നൽകുന്നതാണ് |

| | | | |
|---|---|---|---|
| 44 | തൊഴിൽ രഹിത വേതനം | ലൈസെൻസ്/ജനന സർട്ടിഫിക്കറ്റ്, ഡോക്ടറുടെ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് + അഫിഡവിറ്റ് റേഷൻ കാർഡിന്റെ പകർപ്പ്, നോൺ റീമാര്യേജ് സർട്ടിഫിക്കറ്റ് കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയിൽ താഴെയാണെന്ന് കാണിക്കുന്ന സാക്ഷ്യപത്രം എന്നിവ ഹാജരാക്കണം. മറ്റ് തരത്തിലുള്ള പെൻഷൻ കൈപ്പറ്റുന്നവരായിരിക്കരുത്.<br><br>കെ സ്മാർട്ട് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. 18-35 നും മദ്ധ്യേ പ്രായമുള്ള തൊഴിൽ രഹിതരായ യുവതി-യുവാക്കൾക്ക് നൽകുന്ന താൽക്കാലിക ധനസഹായപദ്ധതി,വാർഷിക വരുമാനം 12000/- രൂപയിൽ താഴെയായിരിക്കണം.18 വയസ്സിനുശേഷം തുടർച്ചയായി 3 വർഷം തൊഴില്ലൊന്നും ലഭിക്കാതെ രജിസ്ട്രേഷൻ നിലനിർത്തുന്നവരും, അപേക്ഷിക്കുന്ന ദിവസം 35 വയസ്സ് കവിയാത്തവരും ആയിരിക്കണം. എസ്.എസ്.എൽ.സി. യോ തത്തുല്യ പരീക്ഷയോ പാസ്സായിരിക്കണം.പട്ടിക ജാതി പട്ടി വർഗ്ഗം അപേക്ഷകർ എസ്.എസ്.എൽ.സി. പാസ്സാകണമെന്നില്ല. എന്നാൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഹാജരായിരിക്കുന്ന വിദ്യാർത്ഥികൾ ആകരുത്. അംഗവൈകല്യമുള്ള അപേക്ഷകർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത 18 വയസ്സിനുശേഷം തുടർച്ചയായി 2 വർഷത്തെ സീനിയോറിറ്റി ഉണ്ടായിരിക്കണം. പ്രതിമാസം 100/- രൂപയിൽ കുടുംബവരുമാനമില്ലാത്ത എല്ലാ തൊഴിൽ രഹിതരും ആനുകൂല്യത്തിന് അർഹരാണ്. അപേക്ഷ സമർപ്പിക്കുന്നതിന് നിശ്ചിത സമയപരിധിയില്ല. യാതൊരുരാളുടെയും കുടുംബവരുമാനം 12000/- രൂപയിൽ കൂടിയാലോ പ്രതിമാസ വരുമാനം 100/- രൂപയിൽ കൂടുയാലോ, ഏതെങ്കിലും കോഴ്സിന് പഠിക്കുന്നുണ്ടെങ്കിലോ, എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ യഥാസമയം പുതുക്കാതിരുന്നാല്ലോ ആനുകൂല്യത്തിന് അർഹത ഇല്ലാതാവുന്നതാണ്. തൊഴിൽ രഹിത വേതനം ലഭിക്കുന്ന ആൾക്ക് പീന്നിട് 100/- രൂപയിൽ കൂടുതൽ പ്രതിമാസ വരുമാനം ഉള്ള തൊഴിൽ ലഭിക്കുകയാണെങ്കിൽ ടി വിവരം ബന്ധപ്പെട്ട അധികാരികളെ അറിയിക്കേണ്ടതാണ്. | .<br>അപേക്ഷ ലഭിച്ച 30 ദിവസത്തിനകം തീരുമാനമെടുത്ത് അപേക്ഷകന് വിവരം നൽകുന്നതാണ്.<br>. |

# അനുബന്ധം

1. പൗരാവകാശ രേഖയിൽ പറഞ്ഞിരിക്കുന്ന സേവനങ്ങൾ കേന്ദ്രസംസ്ഥാന സർക്കാരുകളോ മറ്റ് അധികാര സ്ഥാനങ്ങളോ കാലാകാലങ്ങളിൽ പുറപ്പെടുവിയ്ക്കുന്ന ചട്ടങ്ങൾക്കും, നിർദ്ദേശങ്ങൾക്കും, ഉത്തരവുകൾക്കും, ഭേദഗതികൾക്കും വിധേയമായിരിക്കുന്നതാണ്.
2. അപേക്ഷ ഫോറത്തിന്റെ വില, സേവനങ്ങൾ നൽകുന്നതിനുള്ള ഫീസ് എന്നിവ കാലാകാലങ്ങളിൽ കൗൺസിൽ നിശ്ചയിക്കുന്ന ഭേദഗതികൾക്ക് വിധേയം.
3. പൗരാവകാശരേഖയിൽ പറഞ്ഞിരിക്കുന്ന വിവിധ സേവനങ്ങളെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ നഗരസഭാ കാര്യാലയത്തിലെ അന്വേഷണ കൗണ്ടറിൽ നിന്നും ലഭിക്കുന്നതാണ്. (ഫോൺ – 04923-222343).

# അറിയിപ്പ്

1. ഓരോ വർഷത്തേയും വസ്തു നികുതി അർദ്ധവർഷം ആരംഭിച്ച് 30 ദിവസത്തിനകം (അതായത് ഏപ്രിൽ 30, ഒക്ടോബർ 30) അടയ്ക്കേണ്ടതാണ്. ഓരോ അർദ്ധ വർഷത്തേയും വസ്തു നികുതി അതാത് അർദ്ധ വർഷം തന്നെ അടച്ചില്ലെങ്കിൽ, വീഴ്ച വരുത്തിയ തിയ്യതി മുതൽ പ്രതിമാസം 2 % നിരക്കിൽ പിഴകൂടി അടയ്ക്കേണ്ടിവരുന്നതാണ്.
2. വീടുകളിലെ ഖരമാലിന്യം അവരവർ തന്നെ സംസ്ക്കരിയ്ക്കേണ്ടതാണ്. ചപ്പുചവറുകളും മറ്റ് മാലിന്യങ്ങളും കാനകളിലോ, പൊതുനിരത്തുകളിൽ നിശ്ചിത സ്ഥാനങ്ങളിൽ അല്ലാതേയൊ നിക്ഷേപിക്കുന്നത് കുറ്റകരമാണ്. പൊതുനിരത്തുകളിൽ ജനങ്ങൾക്ക് ശല്യമാകുന്ന രീതിയിൽ മാലിന്യങ്ങൾ നിക്ഷേപിച്ചാൽ നിയമാനുസരണം ഉടൻ പിഴ ചുമത്തൽ നടപടികൾ സ്വീകരിക്കുന്നതാണ്.
3. നഗരസഭാ പ്രദേശത്തെ " സ്റ്റേറ്റ് ഹൈവേ" മാലിന്യമുക്ത വീഥിയായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ, ടി വീഥിയ്ക്ക് ഇരുവശവുമുള്ള കച്ചവടക്കാരും, താമസക്കാരും മാലിന്യങ്ങൾ സ്വയം സംസ്ക്കരിയ്ക്കേണ്ടതും, ഒഴിവാക്കാൻ പറ്റാത്ത സാഹചര്യത്തിൽ നഗരസഭ വക ശുചീകരണ വാഹനത്തിൽ നിക്ഷേപിയ്ക്കേണ്ടതുമാണ്. ചപ്പ് ചവറുകൾ നിരോധിത മേഖലകളിൽ യഥാസ്ഥാനത്തോ നഗരസഭ നിർദ്ദേശിയ്ക്കുന്ന രീതിയിലോ നിക്ഷേപിയ്ക്കേണ്ടതാണ്.